(ഡി) എങ്കിൽ ഈ വ്യവസ്ഥ പ്രകാരം ഇതിനായി എന്തെങ്കിലും ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അടിയന്തിരമായി ചട്ടങ്ങൾ നിർമ്മിക്കുമോ?

ഉത്തരം

(എ) സർക്കാർ സർവ്വീസിലെ ക്ലാസ് 3 ക്ലാസ് 4 തസ്തികകളിലെ ഒഴിവുകളിൽ 3% വികലാംഗർക്ക് സംവരണം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വ്യവസ്ഥയുണ്ട്.

(ഡി)&(ഇ) ഡിസ്എബിലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ കരടു ചട്ടങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

57 (1283) അനാഥാലയങ്ങളിലെ കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അനാഥാലയങ്ങളിലെ കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയായി വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം അനാഥാലയങ്ങൾക്കു നൽകി വരുന്ന ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടില്ല.

58 (1284) അനാഥാലയങ്ങളിൽ ടി.വി. സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിലെ ശിശുക്കൾക്ക് ടി.വി. പരിപാടി കാണുവാൻ ടി.വി. സെറ്റുകൾ നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് അനാഥാലയങ്ങളിലെ കുട്ടികൾക്ക് ടി.വി. പരിപാടികൾ കാണുവാൻ അവസരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ടി.വി. സെറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടി പ്രത്യേക ധനസഹായമൊന്നും അനാഥശാലകൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സർക്കാർ നൽകുന്നില്ല. എങ്കിലും ചില സന്നദ്ധസംഘടനകൾ തങ്ങളുടെ സ്ഥാപനങ്ങളിൽ ടി.വി. സെറ്റുകൾ സ്ഥാപിച്ച് കുട്ടികൾക്ക് ടി.വി. പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly

കാണാനുള്ള അവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് സംഘടനകളോടും ഇതിനുള്ള സൗകര്യം ചെയ്തു കൊടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

59 (1285) യാചകവൃത്തിക്കായി കുട്ടികളെ ഉപയോഗിക്കുന്നതായ പരാതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാചകവൃത്തിക്കുവേണ്ടി സംസ്ഥാനത്തെ പ്രമുഖ പട്ടണങ്ങളിൽ ശിശുക്കളെ ഉപയോഗിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാചകരോടൊപ്പമുള്ള കുട്ടികൾ തട്ടികൊണ്ടുവരപ്പെട്ടതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ശിശുക്കളെ യാചകരിൽനിന്നും മോചിപ്പിച്ച് ശിശുക്ഷേമസമിതിയെ ഏൽപ്പിക്കുന്നതിന് എന്താണ് തടസ്സം എന്നറിയിക്കുമോ;

(ഡി) ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി)&(ഡി) യാചകരാണെങ്കിലും അവരുടെ സ്വന്തം കുട്ടികളെ ബലം പ്രയോഗിച്ച് വിടർത്തിയെടുത്ത് പ്ലേസ്മെന്റ് ഏജൻസികളെ ഏൽപ്പിക്കാൻ നിയമം അനുവദിക്കുന്നില്ല. എന്നാൽ സംശയകരമായ സ്ഥിതിയിൽ പോലീസ് കണ്ടുപിടിച്ച് ഏൽപ്പിക്കുന്ന ശിശുക്കളെ യഥാവിധി സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നതിനും ദത്തു നൽകൽ പദ്ധതിയിലൂടെ പുനരധിവസിപ്പിക്കുന്നതിനുമുള്ള അംഗീകൃത ഏജൻസികളിൽ ഒന്നാണ് സംസ്ഥാന ശിശുക്ഷേമ സമിതി.

60 (1286) ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ നിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ വിവിധ ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിൽ സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികളിൽ നിയമനം നടത്തുവാനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ തസ്തിക വനിതകൾക്കായി മാത്രം സംവരണം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളിലേക്കുള്ള നിയമനരീതി താഴെ പറയുന്നവയാണ്.

1. പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം

LIBRARY ARCHIVES Kerala Legislative Assembly